**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6055** **09-11-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ഡി.എഫ്.ഒ. ഓഫീസിലെ എൻ.ഒ.സി. ക്കായുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യസ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ആണ് മാനന്തവാടി ഡി.എഫ്.ഒ. ഓഫീസിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യസ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 2 അപേക്ഷകളാണ് മാനന്തവാടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര അപേക്ഷകളാണ് പ്രസ്തുത ഓഫീസിൽ ലഭിച്ചതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 10 അപേക്ഷകളാണ് മാനന്തവാടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭ്യമായിട്ടുള്ളത്. |
| (സി) | ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | ഇതിൽ 8 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ഡി) | അപേക്ഷ നൽകി ആറ് മാസം കഴിഞ്ഞിട്ടും ഈ സർട്ടിഫിക്കറ്റ് നൽകാത്ത എത്ര അപേക്ഷകൾ ഉണ്ടെന്നും നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള എൻ.ഒ.സി അപേക്ഷയിന്മേൽ നിലവിൽ ഒരു അപേക്ഷ മാത്രമാണ് ആറുമാസം കഴിഞ്ഞും തീർപ്പാക്കാനായി ബാക്കി നിൽക്കുന്നത്. കഴിഞ്ഞ വർഷം വരെ എൻ.ഒ.സി ജോലികൾക്കായി സർവ്വെ പ്രവർത്തികൾ ചെയ്ത് വന്നത് ഡിവിഷൻ സർവ്വേയർ മാത്രമാണ്. ഒരു ഡിവിഷൻ സർവ്വേയറെക്കൊണ്ട് നിലവിലെ ജോലികൾക്കു പുറമെ എൻ.ഒ.സി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സർവ്വെ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്തു തീർക്കുന്നത് ബുദ്ധിമുട്ടുള്ള സാഹചര്യത്തിലാണ് ടി അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത്. കോവിഡ് 19-നെ തുടർന്നുള്ള നിയന്ത്രണങ്ങളും ഇത്തരത്തിലുള്ള അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിഘാതമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ